# മൗനഗാനം

ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# മൗനഗാനം

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ.

| | | | |
|---|---|---|---|
| 1. രമണൻ | 1 | 8 | 0 |
| 2. ദേവഗീത | 2 | 0 | 0 |
| 3. സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 0 | 0 |
| 4. അപരാധികൾ | 1 | 8 | 0 |
| 5. ദിവ്യഗീതം | 1 | 8 | 0 |
| 6. ഓണപ്പൂക്കൾ | 1 | 0 | 0 |
| 7. ബാഷ്പാഞ്ജലി | 1 | 8 | 0 |
| 8 രക്തപുഷ്പങ്ങൾ | 1 | 4 | 0 |
| 9 സങ്കല്പകാന്തി | 1 | 4 | 0 |
| 10. ആകാശഗംഗ | 1 | 0 | 0 |
| 11. കളിത്തോഴി | 2 | 8 | 0 |
| 12. വത്സല | 0 | 8 | 0 |
| 13. ആരാധകൻ | 0 | 8 | 0 |
| 14. മോഹിനി | 0 | 8 | 0 |
| 15. ദേവത | 0 | 8 | 0 |
| 16 തിലോത്തമ | 0 | 8 | 0 |
| 17. കലാകേളി | 0 | 12 | 0 |
| 18, ശ്രീതിലകം | 1 | 0 | 0 |
| 19. ചൂഡാമണി | 1 | 0 | 0 |
| 20 കരടി | 0 | 8 | 0 |
| 21. വിവാഹാലോചന | 0 | 8 | 0 |
| 22. അനശ്വരഗാനം | 0 | 8 | 0 |
| 23. യവനിക | 1 | 8 | 0 |
| 24. ഹേമന്തചന്ദ്രിക | 1 | 8 | 0 |
| 25. സാഹിത്യചിന്തകൾ | 1 | 0 | 0 |
| 26. പ്രതികാരദുർഗ്ഗ | 2 | 8 | 0 |
| 27. പെല്ലീസും മെലിസാന്ദയും | 1 | 8 | 0 |
| 28. മാനസാന്തരം | 1 | 8 | 0 |
| 29. ദേവയാനി | 0 | 8 | 0 |
| 30 നിർവൃതി | 0 | 8 | 0 |
| 31. ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളും കൂടി ഒരു വാല്യത്തിൽ | 5 | 0 | 0 |
| നവമാദ:ന (ശ്രീദേവി ചങ്ങമ്പുഴ) | 0 | 8 | 0 |

**മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.**

Digitized By Kerala Sahitya Akademi

# മൌനഗാനം

ഗ്രന്ഥകർത്താ

ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.

ഇടപ്പള്ളി

PUBLISHERS:

THE MANGALODAYAM LTD.,

TRICHUR.

Digitized By Kerala Sahitya Akademi

First Edition in Kanni 1124 Copies 1000

*All rights reserved by*
Mrs. SREEDEVI CHANGAMPUZHA
"SREEDEVI MANDIRAM"
EDAPPALLY
(N. Travancore)

Price
Rupee One

Printed at
The Mangalodayam Press,
Trichur.

Digitized By Kerala Sahitya Akademi

# കവിതകൾ


| | | ഭാഗം |
|---|---|---|
| 1. | ഉത്തേജനം | 1 |
| 2. | ദേവയാനി | 3 |
| 3. | കൃതാർത്ഥൻ ഞാൻ | 8 |
| 4. | ആ വസന്തം | 13 |
| 5. | മൌനഗാനം | 17 |
| 6. | കൈത്തിരി | 20 |
| 7. | ആററുവക്കിൽ | 24 |
| 8. | ആയിഷ | 25 |
| 9. | കുററസമ്മതം | 30 |
| 10. | ആത്മദാഹം | 32 |
| 11. | ചിന്താവിഹാരം | 36 |
| 12. | അംബാലിക | 40 |
| 13. | ഊർമ്മിള | 43 |
| 14. | കല | 45 |
| 15. | ഒരു കത്ത് | 47 |
| 16. | സാവിത്രി | 52 |


Digitized By Kerala Sahitya Akademi

Then to sing, or I'm wrong,
    Here below is my lot;
All who smile at my song,
    Will love me—will they not?

When good fellows are round me,
    When good wine they bring,
God whispers me kindly,
    "Poor little one, Sing!"

—*Pierre Jean de Beranger.*

Digitized By Kerala Sahitya Akademi

# ഉത്തേജനം

വിൺമലർത്തോപ്പിലെക്കല്പകപ്പൂമൊട്ടൊ-
ന്നെന്നടിത്തട്ടിലടർന്നു വീണു.
വേണുനാദംപോലെ ഞാനറിയാതതെൻ
പ്രാണനിലൊട്ടിപ്പിടിച്ചു നിന്നു.
സന്തതമായതിൻ സംഗമം മൂലമെൻ
സങ്കല്പംപോലും നിറംപിടിച്ചു.

അത്യന്തദുഃഖത്തിൽ കാർമുകിൽമാലയാ-
ലത്രുസ്ഥിരുണ്ടൊരെന്നന്തരീക്ഷം,
വെള്ളി വെളിച്ചത്തിൽ മുങ്ങി,യച്ചൈതന്യ-
കല്ലോലത്തിന്റെ നവോദയത്തിൽ!

പ്രാണഹർഷപ്രദമായൊരാ വേളയിൽ
ഞാനൊരു സംഗീതമായി മാറി!
എന്മനസ്പന്ദനം താരങ്ങളാണെന്തട-
ത്തുമ്മവെക്കുംപോലെനിക്കു തോന്നി!
ലോകത്തിലെങ്ങും ഞാൻ കണ്ടീ,ലതൃപ്തിതൻ
കാകോളത്തിന്റെ കണികപോലും!
ഐക്യസ്സമൃദ്ധിയും, പുഷ്കലശാന്തിയും
സച്ചിൽപ്രകാശവുമായിരുന്നു!

Digitized By Kerala Sahitya Akademi

ജീവിതംതന്നെയെനിക്കൊരു മല്ലിക-
പ്പൂവിൻ പരിമളമായിരുന്നു!

*    *    *

തങ്ങളിലൊത്തിനിമേലിലും, ഹാ, നമു-
ക്കിങ്ങനെതന്നെ കഴിഞ്ഞുകൂടാം!
നീണ്ട യുഗങ്ങൾ നിമേഷങ്ങളെന്നപോൽ
നീന്തിക്കടന്നു നമുക്കൊടുവിൽ
എന്തെങ്കിലുമൊരു കാലത്തനാദ്യന്ത-
സൌന്ദര്യസത്തയിൽ ചേൎന്നലിയാം!
നിൻനിഴൽ മാഞ്ഞാലും നിന്നിടുമെന്നിൽ നിൻ
നിൎമ്മലാശ്ലേഷത്തിൻ രോമാഞ്ചങ്ങൾ!

—oo:o:oo—

I

പുഞ്ചിരിക്കൊമ്പിലിൽ ചാലിച്ച വാക്കിനാൽ
വഞ്ചിപ്പുയല്ലേ നീ ചെയ്യതെന്നെ?

13—8—1111.

II

പദസഹസ്രം നവപരിവൎത്തന-
പരഭൃതങ്ങൾതൻ പഞ്ചമധാരയിൽ
പുളകമേലുമീ വഞ്ചിവസുധതൻ
പുകളലകളലഞ്ഞുചെന്നങ്ങനെ
ഭുവനസീമയെപ്പുൽകുമാ,റഞ്ചിത-
പ്പുവിയനാവിലം, വൎഷിച്ചനാരതം,
പരിലസിപ്പൂ നീ, മേൽക്കുമേൽ, പാവന-
പരിണതോജ്ജ്വലചിത്രനക്ഷത്രമേ!

4—3—1113

Digitized By Kerala Sahitya Akademi

# ദേവയാനി

നീലമലകളേ, നിങ്ങളോർമ്മിയ്ക്കുമോ
നീറുന്നൊരീ മന്മനസ്സിന്റെ ഗദ്ഗദം?

പൂവിട്ടുനില്ക്കും മരങ്ങളേ, നിങ്ങളും
ഛായയിലോർമ്മിയ്ക്കുകില്ലീ നിഴലിനെ.

ഇല്ല മൽസ്വന്തമായൊന്നും — കനിവെഴാ-
തെല്ലാം മറഞ്ഞു — കഴിഞ്ഞു സമസ്തവും.
പല്ലിളിയ്ക്കുന്നോ നിരാശതേ, നിർദ്ദയം
കൊല്ലാതെ കൊല്ലാനൊരുങ്ങിനിന്നെന്നോ നീ?

അന്തരംഗത്തിലെന്നാശയ്ക്കു മേല്ക്കുമേൽ
ചെന്തളിർ ചൂടാനിടകൊടുത്തങ്ങനെ

പൊന്നിൽക്കുളിച്ചു കുണുങ്ങിച്ചിരിച്ചെന്റെ
മുന്നിലണഞ്ഞ സുദിനശതങ്ങളേ!

നിങ്ങളു,മയ്യോ, തടിൽക്കൊടിച്ചാർത്തുപോ-
ലെങ്ങോ മറഞ്ഞു — നിരാധാരയായി ഞാൻ!

ഫുല്ലപുഷ്പത്തെപ്പുഴുക്കൾപോൽ, കാരുന്നി-
തല്ലലോരോന്നുയർന്നെൻ കരൾക്കാമ്പിനെ

സ്വപ്നം! — മടങ്ങുന്നു സംതൃപ്തചിത്തനായ്
സ്വർഗ്ഗത്തിലേയ്ക്കിന്നു മജ്ജീവനായകൻ!
ഓർക്കുന്നതുംകൂടിയില്ലപ്പുമാനെന്റെ
പോർക്കളത്തിലൊന്നും — പരാജിതതന്നെ ഞാൻ!

Digitized By Kerala Sahitya Akademi

ചിന്തിച്ചിരിയ്ക്കാതെ ദുർവ്വിധേ, നിർദ്ദയ-
മെന്തിനു കൂട്ടിമുട്ടിച്ചു നീ ഞങ്ങളെ?
അല്ലെങ്കിലെന്തിന്നു, തെറ്റിയെനിയ്ക്കു, ഞാ-
നില്ലിനിക്കുറ്റപ്പെടുത്തുകില്ലാരെയും!
പറ്റിയബദ്ധമറിയാതെനി,യ്ക്കിതിൽ
തെറ്റൊന്നിലാ,ണിതാ മാപ്പു ചോദിപ്പു ഞാൻ.
എങ്കിലു,മയ്യോ, കെടുന്നില്ലശേഷമെൻ
സങ്കടം,—എത്ര ഞാൻ കണ്ണീർ പൊഴിയ്ക്കിലും!!

[അപൂർണ്ണം]

## III

ചന്ദനശീതളസുന്ദരചന്ദ്രിക ചിന്നിയ ശിശിരനിശീഥം
ചഞ്ചലരജതവലാഹകചുംബിതബിംബിതതാരകയൂഥം
മന്ദമദാകുലമലയാനിലചലിതാർദ്രലതാവൃതകാന്തം
മഞ്ജുളസുരഭിലമഞ്ജരികാകുലരഞ്ജിതകുഞ്ജഗൃഹാന്തം

7—1—1113

## IV

ആകമ്രമാമൊരു മാലയും കോർത്തുകൊ-
ണ്ടേകാകിനിയായിരിയ്ക്കുകയാണവൾ
ഗ്രാമപ്രശാന്തി സചേതനമാമൊരു
ഹേമോജ്ജ്വലാകാരമാർന്നതു മാതിരി.

കാണാമടുത്തൊരു സന്ന്യാസിയെപ്പോലെ
കാവിയുടുപ്പിട്ടു നിൽപൊരോലക്കുടിൽ!

20—1—1113.

Digitized By Kerala Sahitya Akademi

## V

മുഗ്ദ്ധപ്രണയമേ, നീയിത്രയായിട്ടും
മുക്കാത്തതെന്തെന്നെക്കണ്ണുനീരിൽ?

18—11—1113.

## VI

ഇന്നലെ രാത്രിയിൽ ഞാനൊരു പൂമൊട്ടിൻ
മന്ദസ്മിതത്തിൽ കിടന്നുറങ്ങി.

21—11—1113.

## VII

അല്ലെങ്കിലും വെറുമാശങ്കമൂലമാ
നല്ലകാലത്തും കരഞ്ഞവളാണു നീ!

13—11—1113.

## VIII

നളിനവാപിയിലലർ വിരിഞ്ഞൊര-
പ്പുലരിയിലൊരു നാളിൽ
നയനമോഹനകനകരശ്മികൾ
നവസുഷമകൾ വീശി.

11—11—1113.

## IX

കരുതിയില്ലല്ലോ പിരിയുമ്പോളെന്നോ-
ടൊരു വാക്കുപോലും പറയാൻ നീ!

11—11—1113.

Digitized By Kerala Sahitya Akademi

# കൃതാൎത്ഥൻ ഞാൻ

ആ മിഴി തോരില്ലെന്നോ? — നീ മുഖം കുനിച്ചു നി-
ന്നോമനേ, തേങ്ങിത്തേങ്ങിയിങ്ങനെ കരഞ്ഞാലോ?
അറിയുന്നില്ലേ നീയെൻ ഹൃദയം ദ്രവിക്കുന്ന-
തരുതിന്നെനിക്കിതു കണ്ടുകൊണ്ടയ്യോ നില്ക്കാൻ.
എന്തു വന്നാലും കഴിഞ്ഞീടുമോ സഹിച്ചിടാ-
തെന്തുചെയ്യട്ടേ, മൎത്ത്യരായി നാം ജനിച്ചില്ലേ?
ഇണ്ടലാൎന്നീടായ്കേവം ജീവിതമാൎഗ്ഗത്തിൽ, പൂ-
ച്ചെണ്ടണിക്കാവും കാണും, കണ്ടകക്കാടും കാണും!
ഉണ്ടാകും വല്ലപ്പോഴും മഴവില്ലുകളെങ്കിൽ
കൊണ്ടലാലലം നീലവിണ്ടലമിരുണ്ടോട്ടെ!

പ്രേമവിഹ്വലേ, നിൻെറ ഹൃദയം, സദാ, ചിന്താ-
ഹോമകുണ്ഡത്തിൽ, കഷ്ടം,മിങ്ങനെ ഹോമിയ്ക്കൊല്ലേ!
ഇന്നിപ്പോളിഷ്ടംപോലെ വേതാളനൃത്തം ചെയ്തു
നിന്നുകൊള്ളട്ടേ കാലവൎഷം, നീ കുലുങ്ങൊല്ലേ.
മന്നിലും കൊടുങ്കാററുമിരുളും കാറും കോളു-
മൊന്നു ചേൎന്നിടിവെട്ടിപ്പേമാരി വൎഷിച്ചോട്ടെ!
എത്രനാളത്തേയ്ക്കുണ്ടിബ്ഭൂകമ്പം? — ചിരിച്ചുകൊ-
ണ്ടെത്തുവാൻ പൊന്നിൻചിങ്ങ,മിനിയും വൈകില്ല
(ല്ലോ!
പൊന്നൊലിച്ചലതല്ലുമിളവെയ്ലിനാൽ, മൂടൽ-
മഞ്ഞിന്മേൽ മനോജ്ഞമാം കുഞ്ഞലുക്കുകൾ ചാൎത്തി,

Digitized By Kerala Sahitya Akademi

ഓരോരോ മരതകത്തോപ്പിലും നവപുഷ്പ-
ത്തോരണം തളിർച്ചില്ലച്ചാർത്തുകൾതോറും തൂക്കി,
മുരളും വണ്ടിണ്ടതൻ മൂളിപ്പാട്ടുകൾ പാടി
മുരളീരവം നീളെക്കോകിലങ്ങളാൽ തൂകി,
ഇളകിപ്പാറും ചിത്രശലഭങ്ങളാൽ, ഹർഷ-
പ്പുളകാങ്കുരങ്ങൾ പൂങ്കാവുകൾതോറും പാകി
അനുഭൂതികളാകുമനുയായികളോടൊ-
ത്തണയും വർഷം പോയാ,ലപ്പോഴേക്കോണക്കാലം!
ഓമലേ, വിഷാദിയ്ക്കായ്കിക്കൊടുങ്കാററും കുളിർ —
ത്തുമണിത്തെന്നലായി മാറിടും ഞൊടിക്കുള്ളിൽ!

ഇത്രമേലന്യോന്യം നാം മോഹിക്കാതിരുന്നെങ്കി-
ലിത്രമേലന്യോന്യം നാം സ്നേഹിയ്ക്കാതിരുന്നെങ്കിൽ;
ഒരു കാലത്തും തമ്മിൽക്കാണാതെ കഴിഞ്ഞേനേ
ഒരു കാലത്തും വിട്ടുമാറാതെ കഴിഞ്ഞേനേ;
ഹാ, നമുക്കിരുവർക്കുമൊന്നുപോലൊരിയ്ക്കലും
പ്രാണനിലേവം പരുക്കേല്ക്കാതെ കഴിഞ്ഞേനേ!

നാമെന്തു ചെയ്തു കുററം?—കേവലമന്യന്മാരാ-
യീമന്നിലങ്ങിങ്ങായിട്ടിരുന്നോരല്ലേ നമ്മൾ?
[അന്യായം പ്രവർത്തിച്ചതെന്തു നാം?—ഹാ, കേവല-
മന്യരെന്നോണമങ്ങിങ്ങിരുന്നോരല്ലേ നമ്മൾ?]
കേവലം നേരമ്പോക്കിലെന്തിനു കൂട്ടിച്ചേർത്തി-
തേവമാവിധി നമ്മെ പ്രേമശൃംഖലമൂലം?

Digitized By Kerala Sahitya Akademi

ആ വിനോദമിന്നക്ഷന്തവ്യമാമപരാധ-
മായുമാറലങ്കോലപ്പെട്ടുപോയാകപ്പാടെ!
അന്നു താൻ പ്രവൎത്തിച്ച വിഡ്ഢിത്തമോൎത്താവിധി-
യിന്നിപ്പോൾ പശ്ചാത്തപിക്കുന്നുണ്ടായിരിക്കണം!
അത്രമേലനുമാത്രം നീറിക്കൊണ്ടിരിക്കുന്നോ-
രഗ്നിപൎവ്വതമല്ലേ, പേറുന്നു മനസ്സിൽ നാം?
ഒന്നെങ്ങാനതിൻ മുഖം പൊട്ടിയാൽ പോരേ?—ക(ഷ്ടം!
പിന്നെയെന്തൊരു പിടി വെൺചാമ്പലല്ലേ ന(മ്മൾ?
അത്തപ്തപ്രവാഹത്തെത്തണുപ്പിക്കുവാൻ, കാല-
മെത്രനാൾ തുടൎച്ചയായുതണം പ്രശംസയാൽ!
എന്നാലും ഫലപ്പെട്ടുവരുമോ?— ഫലപ്പെടാൻ
തന്നെ,യന്നയ്യോ, മന്നിലാരു നമ്മളെയോൎക്കും?
ഇന്നു നാം ജീവിക്കുമ്പോൾത്തന്നെയില്ലൊരു തുള്ളി-
ക്കണ്ണുനീർ പൊഴിക്കുവാൻ നമ്മെയോൎത്താരും മന്നിൽ!
പിന്നെ, നാം വെറും ജലരേഖകൾപോലെ മാഞ്ഞാ-
ലന്നാരു നമ്മെക്കുറിച്ചോൎക്കുവാനിരിക്കുന്നു?
അവയൊന്നും നീ പാഴിലാശിക്കാൻ തുനിഞ്ഞീടായ്-
കവശേ,— നിരാധാരം നിൎമ്മലസ്നേഹം മന്നിൽ!
പകവീട്ടുവാൻ നില്ക്കും ലോകത്തിൻതള്ളേറ്റങ്ങി-
ങ്ങകലുംതോറും നമ്മളത്രമേലടുക്കുന്നു.
എന്തു മായയാണാവോ, നമ്മെ നാം മാഴ്കുംതോറും
ചിന്തയിലത്രയ്ക്കുമേൽ മിന്നുന്നു തെളിഞ്ഞു നാം!

Digitized By Kerala Sahitya Akademi

മറക്കാൻ കഴിഞ്ഞെങ്കിലന്യോന്യം, നമുക്കിനി
മരിക്കുംവരെക്കാണാതിരിക്കാൻ കഴിഞ്ഞെങ്കിൽ!

കരുതിക്കൂട്ടിയല്ലെന്നാകിലും പലപ്പോഴും
കരളിൽത്താപം നിനക്കേകിയിട്ടുണ്ടാകും ഞാൻ.

സ്നേഹശൂന്യതയായിട്ടത്രേ നീ കരുതാസ്സു
മോഹനേ, മച്ചാപലംമാത്രമാണവയെല്ലാം!

പ്രേമത്തിൻ സാമ്രാജ്യത്തിൽ ബന്ധനസ്ഥരായ്ത്തന്നെ
നാമെന്നുമേവം കഴിഞ്ഞീടിലും കൃതാർത്ഥർ നാം!

മർത്ത്യനീതിതൻ കൂട്ടിൽക്കയററിസ്സമുദായം
വിസ്തരിച്ചോട്ടെ നമ്മെക്കുററവാളികളേപ്പോൽ

സ്ഥലകാലങ്ങൾക്കൊക്കെയകററാൻ ശരീരങ്ങൾ
നലമോടത്രയ്ക്കൊട്ടിപ്പിടിയ്ക്കും ഹൃദയങ്ങൾ!!

ചൂളുകില്ലൊരിക്കലും നിയമം വാളോങ്ങിയാൽ
കാലദേശാതീതമായ് വർത്തിക്കും ദിവ്യപ്രേമം!

നീയേവം തപിച്ചീടായ്കോമലേ സൌഭാഗ്യങ്ങൾ
നിളെ നിൻ വഴികളിൽപ്പൂവിരിച്ചീടും മേന്മേൽ!

എന്നിട്ടും മണിവീണക്കമ്പികൾ മുറുക്കിക്കൊ-
ണ്ടെത്രയും വിനീതയായ് ശാന്തി നിൻസവിധത്തിൽ

സന്തതസപര്യയ്ക്കായ്ക്കുണുങ്ങിക്കുണുങ്ങിക്കൊ-
ണ്ടന്തികത്തൊഴിയാതെ നിന്നിടുമുൽക്കർഷങ്ങൾ!

അന്നു നീയിന്നത്തെയെന്നാശംസാവചസ്സോർത്തി-
ട്ടൊന്നു പുഞ്ചിരിക്കൊൾകി, കോമളേ, കൃതാർത്ഥൻ
(ഞാൻ!!



Digitized By Kerala Sahitya Akademi

## X

അല്ലെങ്കിലും, സഖി, വല്ലകാലത്തുമാ-
നല്ലകാലം മൎത്ത്യനില്ലാതിരിക്കുമോ?
കണ്ണീരുമുഗ്രനിരാശയും മാത്രമാ-
യെന്നുമൊരുത്തനധഃപതിച്ചീടുമോ?
ഏതു രാവിന്റെ കൊടുംകൂരിരുട്ടിലും
പാതതെളിച്ചിടും വിണ്ണിൻ വിളക്കുകൾ
ഏതേതഗാധമാമാഴിപ്പരപ്പിലു-
മേതാനുമുണ്ടാമഭയദദ്വീപുകൾ.
ഉല്ലസിയ്ക്കാമേതു ചുട്ട മണൽക്കാട്ടി-
നുള്ളിലും ശീതളശാദ്വലഭൂമികൾ!

8—9—1110.

## XI

കൗതുകദായക, ഹൃദയനായകാ,
കുസുമദായകാ, സതതം ഞാൻ
അവിടുന്നെന്നുടെയാണെന്നോർത്തോ-
ത്തവിരാമോന്മാദം നുകരുന്നു.
ചപലകളാമെൻ സഖികളുണ്ടയെ
ച്ചതിയനായ്ക്കുററം പറകിലും
ഇതുവരെ നേരിട്ടവിടുത്തെക്കാണാ-
നിടയാവാതേവം കഴികിലും
ഒരു വിശ്വാസത്തിൻ സുഖസമാശ്വാസ-
പരിമളമെന്നെപ്പുണരുന്നു.

11—9—1110.

## XII

നീരദങ്ങൾ നിറഞ്ഞു നിൎമ്മല
നീലവാനിടം മൂടവേ

Digitized By Kerala Sahitya Akademi

ജീവനായകാ, ഞാനിതാ നിന്നു
കേണിടുകയാണെന്തിനോ!
അസ്തമിച്ചിതെൻ വാസരം,മിരു-
ളെത്തിയെന്നുന്നിലൊക്കെയും
ഇല്ലൊരു കൊച്ചുതാരകപോലു-
മല്ലിലെന്നെ നയിക്കുവാൻ
താവകക്ഷേത്രം തേടിയേകയാ-
യീവഴിക്കൊക്കെപ്പോന്നു ഞാൻ
ആവതില്ലിനിപ്പിൻമടങ്ങാനും
കേവലം നിസ്സഹായ ഞാൻ!

നാലുപാടുമിരച്ചുയർന്നുപോയ്
ഘോരമാരുതഗർജ്ജനം
തമ്മിലാഞ്ഞടിച്ചാർത്തു ക്കുകുന്നു
വന്മരങ്ങളെല്ലാടവും
മിന്നിമിന്നിപ്പുളഞ്ഞുപായുന്നു
മിന്നൽവല്ലിപ്പടപ്പുകൾ.

16—2—1108.

## XIII

കുയിലിണ പാടിത്തളർന്നുറങ്ങും
കുളിരണിവല്ലിക്കുടിലിനുള്ളിൽ
അവളൊരുമിച്ചാവസന്തരാവി-
ലവഗതാതങ്കം ഞാൻ വാണിരുന്നു.
അനുപമരംഗമതെന്തുകൊണ്ടു
മനഘനിർവ്വാണദമായിരുന്നു.
ഭുവനമറിയാതടുത്തു രണ്ടു-
നവയൌവനങ്ങളൊന്നൊത്തു ചേർന്നു.

Digitized By Kerala Sahitya Akademi

## XIV

അന്നു നാമാദ്യമായ്, ക്കൺമുനത്തെല്ലിനാ-
ലന്യോന്യം സ്വാഗതം ചെയ്ത നേരം,
പാതിരാത്താരകൾ പോലെന്നിലേതാനും
ജ്യോതിഷ്കണങ്ങളടന്നു വീണു.
മിന്നിപ്പൊലിഞ്ഞിതെൻ ചേതസ്സിലായിരം
മിന്നൽപ്പിണരിൻ സ്ഫുലിംഗകങ്ങൾ.

8—1—1110.

## XV

അരിയമുന്തിരിയിലകൾ മൂടുമി-
ത്തളിർ നികുഞ്ജകം തന്നിൽ
സരളശീകരമിളിതമല്ലികാ-
പരിമളത്തിനു മുന്നിൽ
ഉദിതകൌതുകമമരുമെൻ മൃദു-
ഹൃദയവേദിയിലോരോ
മദപരവശ മധുരചിന്തകൾ
ചിറകടിച്ചടിച്ചെത്തി!

20—9—1109.

Digitized By Kerala Sahitya Akademi

# ആ വസന്തം

ആ വസന്താഗമമൊന്നൊരു നൂതന-
ജീവൻ വസുധയ്ക്കണച്ചിരുന്നു.
ആ നറും സൌവർണ്ണകാലമെനിക്കുമൊ-
ട്ടാനന്ദദായകമായിരുന്നു.

പൂന്തെന്നൽ പുല്കുന്ന, പൂവല്ലിയാടുന്ന
പൂന്തോപ്പിനുള്ളിലെപ്പുൽത്തറയിൽ
കങ്കുമക്കൂട്ടു കുറുക്കിയും, കണ്ണഞ്ചും
കങ്കേളിപ്പൂക്കളാൽ മാല കോർത്തും,
താമരക്കുമ്പിളിൽ ചമച്ചതിൽ ശീതള-
ശ്യാമമാം തണ്ണീർ നിറച്ചെടുത്തും,
നൽച്ചന്ദനത്തിരി കത്തിച്ചു സൌരഭം
നിച്ചിലും ചാർത്തിയലങ്കരിച്ചും,
അന്നു കൊണ്ടാടിനോരാവസന്തോത്സവം
കണ്ണും കരളും കവർന്നിരുന്നു.

അന്നതിലൊക്കെയും പൊന്നൊളിപ്പൂശിയോ-
രെന്നാത്മനാഥൻ— നൃപകുമാരൻ
ഇന്നി വന്നീടുന്നോരുത്സവം കാണുവാ-
നെന്നു വന്നെത്തുമെന്നാരറിഞ്ഞു?

*　　　　*　　　　*

വല്ലിക്കുടിലിൽപ്പോയ് നോക്കി വിലാസിനി
മല്ലികാമഞ്ജരിയൊന്നുമില്ല.

Digitized By Kerala Sahitya Akademi

ചെങ്കതിർ ചിന്നിത്തിളങ്ങുമൊരു പുത്തു-
ക്കങ്കളിപ്പൂങ്കുല മാത്രം കാണ്മൂ.
അപ്പുഷ്പസന്ദേശം ദ്യോതിപ്പിച്ചീടുന്നു
തൽപ്രിയൻതന്റെ ചരമവൃത്തം!
ഘോരാഹവത്തിൽ മൃതനായ് കുമാരകൻ
നാരിപ്പൂൺപയ്യോ നിലംപതിപ്പൂ!

*           *           *

കൺതുറന്നാളവൾ—എന്തെന്തു വിസ്മയം
ഹന്ത, താൻ കാണ്മവതാരെ മുന്നിൽ?
ആഹവംതന്നിൽ മരിച്ച കുമാരകൻ
സ്നേഹാർദ്രനായടുത്തുല്ലസിപ്പൂ.
തന്നുത്തമാംഗം മടിയിലെടുത്തുവെ-
ച്ചുണ്മയിലാമന്ദമാശ്ലേഷിപ്പൂ.
ചൊന്നാൾ—"കുമാര, കുറച്ചു കടന്നുപോ-
യിന്നവിടത്തെ വിനോദമെല്ലാം.
ഈ മട്ടിലെന്മനം നോവിച്ചു നോക്കുന്നോ-
രാമോദകങ്ങയെബ്ഭ്രാന്തനാക്കി."
ആ മധുരാനനം തെല്ലുയർത്തിച്ചൊന്നാൻ
പ്രേമപ്രസന്നനായ് രാജപുത്രൻ:—
"ജീവാധിനാഥേ, നീ മുന്നം കൊണ്ടാടിയോ-
രാവസന്തോത്സവമാർ മറക്കും?
പോകുന്നതില്ലരണത്തിനു ഞാനിനി
മാഴ്കേണ്ടാ, മാഴ്കേണ്ടെന്നോമനേ, നീ!

Digitized By Kerala Sahitya Akademi

നിൻ പ്രേമദാർഢ്യപരീക്ഷയ്ക്കു മാത്രമാ-
ണെൻപ്രിയേ, ഞാനേവം ചെയ്തതെല്ലാം!!"

*　　　*　　　*

ഒരു വസന്തോത്സവമാവിധം നൂതന-
ജീവനവരിൽ കൊളുത്തിനിന്നു.

ആ നറും സൌവർണ്ണകാലമവർക്കന്നൊ-
ട്ടാനന്ദദായകമായിരുന്നു!

## XVI

ഇല്ല ലോകമധഃപതിപ്പിയ്ക്കുവാ-
നില്ല നിന്നെവിടില്ലിനിമേലിൽ ഞാൻ
നീചസർപ്പമേ, നിൻവിഷജ്വാലയിൽ
നീറി നീറി ദ്രവിച്ചു നിരന്തരം
എത്രയെത്ര സുരഭിലനിർമ്മല-
ചിത്തസൂനങ്ങൾ ഞെട്ടററിരിക്കണം.

പ്രേമമെന്നോ പിശാചികേ, പാഴിലാ
നാകമേവം മലിനമാക്കായ്ക നീ!

9-2-1113.

## XVII

വേണുവിളനല്ലാം വെറും കളിയാണെന്നായിരിക്കോട്ടേ
ഞാനിനിയൊന്നുംതന്നെ പറയാനില്ലാ ഭാവം.

19-3-1113.

Digitized By Kerala Sahitya Akademi

## XVIII

വെമ്പി വെമ്പി ഞാൻ ചെന്നിതെങ്ങുമെൻ
ചെമ്പകത്തിനെക്കാണുവാൻ
മുല്ലയും നനച്ചേകയായ്ത്തോപ്പി-
ലുല്ലസിക്കയാണവൾ
ഓമനിക്കാനുടലെടുത്തെത്തും
ഗ്രാമശാന്തത മാതിരി!

3—11—1113.

## XIX

എന്നെന്നും നീയെന്നെയോർക്കുവാൻവേണ്ടി ഞാൻ
നിന്നെക്കുറിച്ചൊരു പാട്ടെഴുതി!

5—6—1113.

Digitized By Kerala Sahitya Akademi

# മൌനഗാനം

ആത്മവിപഞ്ചിതൻ ലോലതന്ത്രികളി-
ലാദ്യം പൊടിഞ്ഞൊരാ ഗാനലേശം
അന്ധനാമെന്നെയെടുത്തൊരഗാധമാ-
മന്ധകാരത്തിലേയ്ക്കാഞ്ഞെറിഞ്ഞു.
ആ മഹാഭീകരമൂർച്ഛയിൽപ്പോലുമെ-
ന്നാശാപടലമതാകമാനം
ആകാശസീമയെപ്പോലുമതിക്രമി-
ച്ചാവിധം മേലോട്ടുയർന്നിരുന്നു.
തുംഗഹിമാലയശൃംഗങ്ങളുന്നതിൽ
ചുംബനംകൊണ്ടു കുളിർത്തിരുന്നു.

വാവിട്ടുറക്കെക്കരയുമെൻ ജീവൻെറ
വായ പൊത്തിപ്പിടിച്ചാത്തരോഷം
ഏതോ കൊടുങ്കാററു ചീറിയണഞ്ഞൊരു
വേതാളനർത്തനമാരംഭിച്ചു.
ആ വിധമായസമഷ്ടിയിൽ കഷ്ടമെ-
ന്നോരോ ഞരമ്പും ഞെരിഞ്ഞിരുന്നു.
ഒന്നുമറിയാത്ത നിശ്ശൂന്യതയിൽ ഞാ-
നെന്തിനോവേണ്ടിയൊന്നമ്പരന്നു.
അന്നത്തെ നൊമ്പരമെന്തെന്നറിഞ്ഞതാ-
ണിന്നീ മുരളിതൻ മൌനഗാനം.



Digitized By Kerala Sahitya Akademi

## XX

എന്തു ചൂടെന്തുചൂടീവിധമെൻ
ചിന്തേ നീയെന്നെ ഞെരിയ്ക്കരുതേ!

അള്ളിപ്പിടിയ്ക്കായ്കെൻജീവ, നയ്യോ
പൊള്ളുന്നെനിയ്ക്കു ഞാനൊന്നു പോട്ടേ!

അന്നു ഞാൻ നേരിട്ടു കണ്ടുനിന്ന
പൊന്നിൻ കിനാവുകളെങ്ങു പോയി?

18—3—1113.

## XXI

ഇനിയുമൊരു പൂക്കാലമാകുന്നൊരാഘോഷമി-
പ്രണയലത മൊട്ടിട്ടു കണ്ടിരുന്നെങ്കിൽ ഞാൻ!

7—9—1113.

## XXII

അടിയൻെറ കുററം പൊറുത്തു കല്പി-
ച്ചടിയനെക്കാക്കണേ തമ്പുരാനേ!

7—5—1113.

## XXIII

തിരിയാൻ തുടങ്ങുന്നോ തവ ചിന്തയിലേയ്ക്കി-
ന്നിരുളിൽ തപ്പിത്തപ്പിശ്ശാസ്ത്രജ്ഞന്മാരേ നിങ്ങൾ?
വളരെക്കാലം നിങ്ങൾ വിശ്രമം കൂടാതോരോ
വനഗർത്തങ്ങൾതോറുമുഴന്നു നടന്നല്ലോ!

18—9—1112.

## XXIV

ഏതു വല വീശിയാലും ലഭിയ്ക്കാത്ത
പത്രരഥം 'മനശ്ശാന്തി'യെൻ തോഴരേ!

Digitized By Kerala Sahitya Akademi

വിണ്ണിലെത്തോപ്പിൽ പറന്നു കളിപ്പതു
മന്നിൽ നാം തേടിപ്പിടിക്കുന്നതെങ്ങനെ?

14—2—1102.

## XXV

ആശയാം കാററിൻഗതിക്കു പറക്കുന്നി-
താഹന്ത ചിത്തമാം വെൺപട്ടമെപ്പൊഴും!

14—2—1102.

Digitized By Kerala Sahitya Akademi

# കൈത്തിരി

നമിപ്പൂ നിന്നെ ഞാൻ പ്രപഞ്ചമേ, കുറ്റം
ക്ഷമിയ്ക്കൂ ഞാനൊരു ക്ഷണികജീവിതം.

എനിയ്ക്കുമുണ്ടല്പം പറഞ്ഞു പോകുവാൻ
തനിച്ചു നില്ക്കുമിത്തരുക്കളോടെല്ലാം.

പറക പാവനീ, പവിത്രേ, നന്ദിനീ
മറഞ്ഞുപോമെന്നെ മറക്കില്ലല്ലി നീ?

ചലലോകലവിലസിതേ നിന്നെ-
പ്പലനാമത്തിലും പറഞ്ഞു കേൾപ്പൂ ഞാൻ.

ഫലരഹിതമാം നെടുവീർപ്പുവിട്ടു
തല കുനിച്ചു നീ തളർന്നു നില്ക്കയോ?

ഉലകം കാണുവാനുദിച്ചുയർന്നൊരെൻ
ഗളനാളം വേണമിരുളിനിക്ഷണം

അലയാഴിയ്ക്കെന്നുമലറി വാണിടാം
അലകൾക്കെപ്പോഴും മദിച്ചു തുള്ളിടാം

അരുവിക്കുപോലുമലഞ്ഞു പാടിടാ-
മരുതു കൈത്തിരിയ്ക്കനങ്ങുവാൻ പോലും!

ഇതോ ജഗത്തിതിൻ നിസർഗ്ഗരീതി?—ഞാൻ
കൊതിച്ചതെന്തിനി പ്രപഞ്ചജീവിതം
ഇലയിളകിലുമിടറുന്നു മനം
ചലനമരുതെന്നെച്ചതിച്ചുവെങ്കിലോ!

Digitized By Kerala Sahitya Akademi

കനകരശ്മികൾ പൊഴിയ്ക്കുവാൻ കൊതി-
ച്ചനല്പമോദമാർന്നവതരിച്ച ഞാൻ.
സുരപഥത്തിൽനിന്നുലകിലെമ്പാടും
നിറകതിർവീശും മണിത്താരങ്ങളേ!
എനിക്കു നേരിട്ടൊരവശത നോക്കി-
യിനിയുമെന്തിനു ഹസിപ്പു ഹാ! നിങ്ങൾ?
ഒരുവനുമെന്നെ സ്തുതിച്ചിടേണ്ട ഞാ-
നൊരു ചെറുതിരി, വെറും പടുതിരി!
തിരക്കിടേണ്ടന്നെത്തിമിരമേ നിന്റെ
തിരുമുമ്പിലെത്തിയടിഞ്ഞുകൊള്ളാം ഞാൻ.
ഒരിയ്ക്കലെങ്കിലും മറക്കാനാകാത്ത
ചരിത്രമൊന്നുമേ കുറിച്ചിടായ്കയാൽ,
മറന്നു പോയേയ്ക്കാം നിഹതയാമെന്നെ
മഹിമയാളുമീ വസുമതീദേവി
തൃണഗണങ്ങളേ, സഖികളേ, നിങ്ങൾ
വിനയപൂർണ്ണയാമിവളെയെങ്ങാനും
ഒരു നിമിഷമോർത്തൊരു കണ്ണീർക്കണം
ധരയിൽ വീഴ്ത്തുകിൽ കൃതാർത്ഥയാണു ഞാൻ!

## XXVI

അങ്ങതാ കാണ്മൂ ഞാനിലോകജീവിത-
ശൃംഗാനുഭൂതിതൻ മംഗളകന്ദളം.

19—2—1110.

Digitized By Kerala Sahitya Akademi

## XXVII

കോട്ടമററന്നല്ലിലെൻ കൊച്ചുതൂലികയൊരു
കാട്ടുപൂവിനെക്കൊണ്ടു പാട്ടുകൾ പാടിപ്പിയ്ക്കേ,
കവനാംഗനയാളെൻ ഹൃദയം പുൽകിപ്പുൽകി-
ക്കവിയും മോദാലെന്നെക്കോൾമയിർക്കൊള്ളിയ്ക്കവേ,
തടവെന്നിയേ നീലവണ്ണത്തിലെൻ തൂവെള്ള-
ക്കടലാസിങ്കൽ പ്രേമകല്ലോലം പരക്കവേ;
നിശ്ശബ്ദപ്രശാന്തമാമെന്നേകാന്തതയിങ്ക-
ലശ്രുരൽക്കുളിർമല്ലപ്പനിലാവൊലിയ്ക്കവേ;
എന്നെന്നുമിതുപോലെ പേനയും കടലാസു-
മൊന്നിച്ചു കഴിഞ്ഞിടാനൊത്തെങ്കിൽ!—കൊതിപ്പു ഞാൻ!
    ചന്ദനമരത്തിൻെറ സന്ദേശസൌരഭ്യമാ-
മന്ദമാരുതൻ കൊണ്ടുവന്നെനിയ്ക്കേകിപ്പിയ്ക്കയായ്!!—

16—2—1108.

## XXVIII

    മഞ്ഞണിമഞ്ഞക്കണിമലർമാലകൾ
മഞ്ജിമവിശ്രും നിൻ പൂവനത്തിൽ
ഓടക്കുഴലും വിളിച്ചു ഞാനെത്തുമ്പോ-
ളോമനേ നീയെനിയ്ക്കെന്തു നൽകും?
പ്രാണാനുഭൂതികൾ തൂകും പ്രിയകര-
നാനാവിഭവസമൃദ്ധികളിൽ
ലീനയാ,യന്തിമസന്ധ്യയിൽ, നീ തനി-
ച്ചാനന്ദലോലയായുല്ലസിയ്ക്കേ;
പുല്ലാങ്കുഴലുമായ് ഞാനടുത്തെത്തിയാ-
ലുല്ലാസമേ, നിനക്കെന്തു തോന്നും?

Digitized By Kerala Sahitya Akademi

മായികജീവിതം നിന്മുന്നിൽ മാന്ത്രിക-
മായൂരപിഞ്ഛിക വീശി വീശി
കാമദസ്വപ്നചലനചിത്രങ്ങളെ
കാണിച്ചു കാണിച്ചുനിന്നിടുമ്പോൾ,
ഞാനൊരു പാഴ്നിഴലായടുത്തെത്തിയാൽ
ഹാ! നീയെന്മട്ടിലറിയുമെന്നോ?

7—4—1109.

## XXIX

പതിനഞ്ചായിട്ടില്ല തികച്ചും പ്രായം ഞാനെൻ
പഠനം പരിത്യജിച്ചീടുവാനിടയായി—

Digitized By Kerala Sahitya Akademi

# ആററുവക്കിൽ

നിർമ്മലേ, നിമ്നഗേ, നില്ക്കൂ, കല്പൊൻമല-
രുമ്മവെച്ചെങ്ങു നീ കൊണ്ടുപോയി,
കല്ലോലക്കൈകളിൽത്താലോലമാട്ടിയെൻ
ചെല്ലത്തെച്ചൊല്ക, നീയെന്തുചെയ്തു?
അന്തിമസന്ദേശം വല്ലതും ചൊല്ലിയാ-
ച്ചെന്തളിർമെയ്യാളൊളിച്ചിരിക്കാം!
പച്ചച്ചെടികളേ, നിങ്ങളതുകണ്ടി-
ട്ടുത്തരമൊന്നുമുരച്ചതില്ലേ?

അന്തിമയങ്ങുമ്പോ,ളംബരം പൂക്കുമ്പോ-
ളന്തിമലരി ചിരിച്ചിടുമ്പോൾ,
ഇത്തടിനീതടം കൈവിട്ടുപോകുവാ-
നെത്ര മടിച്ചീലന്നുത്തമേ, നീ?
വന്നെത്തുകില്ലിനി വാനത്തു ചെന്ന നീ
മന്നിതു വീണ്ടും മധുരമാക്കാൻ!
എന്തിനു പിന്നെ ഞാൻ കാക്കുവതന്നത്തെ-
സ്സന്തോഷരംഗങ്ങൾ മാഞ്ഞുവല്ലോ!
വന്നിടാം നിൻപിമ്പേ വൈകിടാതീ ഞാനും
മന്നിനെന്തെൻ നിഴൽ മാഞ്ഞുപോയാൽ?

Digitized By Kerala Sahitya Akademi

# ആയിഷ

## I

വാതിൽ തുറക്കൂ ചരിത്രമേ മുന്നിലാ
വാടാവിളക്കൊന്നു കണ്ടുകൊള്ളട്ടെ ഞാൻ.

*                    *                    *

ആരാലതാ കിളർന്നാളിപ്പടരുന്നു
ഘോരമുകിലപ്രതാപദാവാനലൻ
ആദരാലക്ബറിൻ സാർവ്വഭൗമത്വമാ-
മാതപത്രത്തിനലുക്കിട്ടനാകുലം
ക്ഷേമങ്ങളെപ്പുണർന്നുല്ലസിച്ചീടുന്നു
സാമന്തരാജരജപുത്രവംശജർ.
മാനത്തുപോലും പരിമളം വീശുന്നു
മാനസിംഹൻതൻ പുകൾക്കളിപ്പൂവുകൾ!

(2)

ആഹവദേവത ഹർഷപ്രമത്തയായ്
കാഹളമൂതിച്ചിരിക്കുന്നു നീളവേ,
കുങ്കുമം ചാർത്തുന്നിതുത്തരഭാരത-
മങ്കതൻമാറത്തു ചെന്നിണച്ചാലുകൾ!
അഷ്ടാശകളിലും മൂടുന്നു മേല്ക്കുമേ-
ലശ്വപാദോഗ്രപ്രപാതോത്ഥധൂളികൾ
ധൂപം വമിക്കയായ് പട്ടാണിമാരുടെ
കോപാഗ്നി കാളും പ്രതീകാരവൃത്തം!



Digitized By Kerala Sahitya Akademi

(3)

ആരിതുസ്സാനോ, മഹാത്മൻ, ഭവാനെന്തു
കാരണമിത്ര പരവശനാകുവാൻ?
തോരാതെ തോരാതെ കണ്ണീർപൊഴികയോ
ധീരാഗ്രിമനാം ഭവാന്റെ നേത്രങ്ങളിൽ?
ആ ഗളത്തിങ്കൽ സ്വയം ജയലക്ഷ്മികൾ
ആഗമിച്ചിട്ടതില്ലെത്ര പൂമാലകൾ?
ആ വിരിമാറിൽത്തല ചായ്ച്ചുറങ്ങിയി-
ല്ലാവേശപൂർവ്വകമെത്ര യശസ്സുകൾ?
ആവിർഭവിച്ചതില്ലെത്ര മിന്നൽപിണ-
രാവലംകയ്യിലെ വാൾത്തലച്ചീററലിൽ!

(4)

വന്നണയുന്നു ഭവൽസമീപത്തൊരു
മിന്നല,ല്ലാരിതാ,രായിഷാദേവിയോ?
എന്തിനിസ്സംഭ്രമം കൂമ്പിയ നിന്മുഖ-
ച്ചെന്താരു വീണ്ടും വിടർന്നതെന്തത്ഭുതം?
സേനാപതേ, ഭവൽപ്രാണനാളത്തിലൊ-
രാനന്ദഗാനം പതഞ്ഞു പൊങ്ങുന്നുവോ?
“സോദര”... പാരം വിളർത്തൊരാ നെററിയിൽ
സ്വേദകണങ്ങൾ പൊടിഞ്ഞുതിരുന്നുവോ?
ഏതോ സുരഭിലസ്വപ്നങ്ങളെ സ്വയം
ചേതന ചെന്നു ചെന്നുമ്മവെയ്ക്കുന്നുവോ?
ഒററനൊടിയിലെന്തന്തരം—ഹാ, ഭവൽ-
ദുഃഖത്തിനാസ്പദമിത്തങ്കരശ്മിയോ?

Digitized By Kerala Sahitya Akademi

## II

ആയിഷേ, നിൻപദം പൂജിയ്ക്കുവാൻ നിന-
ക്കായുരന്ത്യം വരേയ്ക്കുണ്ടൊരാരാധകൻ!
ജീവിതസിദ്ധികളൊക്കെനിൻ ചെന്തളിർ-
ച്ചേവടിച്ചോട്ടിൽവെച്ചർച്ചന ചെയ്യുവാൻ.
ആശിച്ചു ഹാ, നിന്നനുമതിയ്ക്കായ് മനഃ-
ക്ലേശം സഹിച്ചും മരുവുകയാണവൻ.
ഇത്രനാൾ നിന്നെത്തപസ്സുചെയ്തിട്ടുമെ-
ന്തപ്രാപ്യയായ് നിന്നകന്നു മാറുന്നു നീ?

പൂമണിമേടയിലാളിയോടൊത്തു നീ-
യോമനസ്വപ്നങ്ങൾ കണ്ടുറങ്ങവേ,
ജാതരുപോജ്ജ്വലമക്കളിർമേനിയിൽ
ജാതോന്മദം സുഖനിദ്ര ചെയ്യുന്നനെ
കാലപാശംപോലെ ചുററിപ്പിണഞ്ഞൊര-
ക്കാളസർപ്പത്തിനെക്കണ്ടു വിഭ്രാന്തനായ്,
ജീവനേപ്പോലും പണയപ്പെടുത്തി നിൻ
ജീവരക്ഷയ്ക്കുന്നൊരുങ്ങിയോനാണവൻ
ഒററ നിമേഷം കഴിഞ്ഞെങ്കിൽ നിൻ ജഡം
പട്ടടച്ചാമ്പലായ്ത്തീർന്നെനെ നിഷ്ഫലം!
കഷ്ടമെന്നിട്ടും യഥാർത്ഥമറിഞ്ഞിടാ-
തൊട്ടല്ല,ഭർത്സിച്ചിതപ്പുണ്യവാനെ നീ!
എന്തും സഹിയ്ക്കാൻ നിനക്കുവേണ്ടിസ്വയ-
മെന്തും സഹിയ്ക്കാ,നൊരുങ്ങിയക്കാമുകൻ!

ആർത്തിരമ്പീടും ജലപ്രവാഹത്തിൽ നീ-
യാത്തയായ് താണുമറഞ്ഞൊരാ വേളയിൽ,

Digitized By Kerala Sahitya Akademi

ആർത്തവേഗം ചാടി നീന്തിത്തുടിച്ചുവ-
ന്നാർദ്രനവൻ നിന്നെ രക്ഷിച്ചു പിന്നെയും!
മററാർക്കു കാണും മനോഹരി, നിന്നോടീ-
മട്ടിലൊരുജ്ജ്വലാനല്പരാഗോദയം?
കഷ്ടം, പ്രതിഫലമെന്താണിവന്നൊരു
പട്ടുപോൽ നേർത്ത സഹോദരസൗഹൃദം
അർപ്പണം ചെയ്തുനിൻ പ്രേമാർദ്രമാനസ-
മപ്രാപ്യനാമപരന്നു നീ നിർദ്ദയം.
നീയറിയുന്നോ നിയതമൊരാത്മാവു
നീറി നീറിക്കൊണ്ടിരിക്കുന്ന വാസ്തവം?
ഇപ്രേമവിഫലനുൾക്കാമ്പിലേന്തുന്നു
തപ്തമാമേതോ വിഷാദാഗ്നിപർവ്വതം.
ഒന്നിച്ചു ബാല്യംമുതൽക്കൊരേമേടയിൽ-
ത്തന്നെ ജനിച്ചു കളിച്ചു വളർന്നവർ
താവകസന്നിധാനത്തിലൊരായിരം
ദേവലോകങ്ങളൊരുമിച്ചു കാണുവോൻ
നിൻകടക്കണ്ണിൽ നിരുപമമാമൊരു
സങ്കല്പനിർവൃതി കാണാൻ കഴിയുവോൻ
നിന്നെയല്ലാതീനിമിഷം വരേയ്ക്കുമൊ-
രന്യാംഗനയെ മനസ്സിലോർക്കാത്തവൻ
ഏതുമവനിൽക്കരുണയില്ലാതെ നീ-
യേവമവനെപ്പരിത്യജിക്കുന്നുവോ?

III

ക്രുദ്ധനായെത്തി ജഗത്സിംഹനക്കൊടും
യുദ്ധാങ്കണത്തിൽ പരാക്രമമൂർത്തിയായ്

Digitized By Kerala Sahitya Akademi

കല്പാന്തകാലാഗ്നിപോൽപ്പറന്നെത്തുന്നി-
തപ്പൊഴേശ്ശസ്ഥാനമാ രണവേദിയിൽ.

[അപൂർണ്ണം]

## XXX

എന്നയോർത്താർത്തു കേഴുകയാണാ-
കൺമണി കഷ്ടമിപ്പൊഴും
ഇല്ലവളുടെ ജീവിതത്തിങ്ക-
ലല്ലലററൊരു മാത്രയും
ദുർവ്വിധിയവൾക്കേകിയെന്തിനോ
സർവ്വനേരവും സങ്കടം
മുഗ്ദ്ധമാലതീലോലസൂനം പോൽ
ശുദ്ധമായൊരാമാനസം
ചിന്തയിൽ വെന്തിടുന്നതോർക്കുമ്പോൾ
നൊന്തിടുന്നിതെൻ ചിത്തവും
സന്തതമേവം സന്തപിക്കുവാ-
നെന്തിനു കൂട്ടിമുട്ടി നാം!
കണ്ണുനീർക്കടലിങ്കൽ ഞങ്ങളെ-
കർമ്മബന്ധമേ മുക്കി നീ.

Digitized By Kerala Sahitya Akademi

## കുററസമ്മതം

ഹാ മന്മനസ്സാൽ തടുത്താൽ നിലയ്ക്കാത്ത
കാമവികാരത്തിരത്തള്ളൽ കാരണം
മത്സഖേ, വേശ്യാലയങ്ങളിൽ പോക്കി ഞാ-
നുത്സവദായകമായൊരെൻ യൌവനം
നെഞ്ഞിടിപ്പോടേകനായ്, മരംകോച്ചുന്ന
മഞ്ഞത്തിരുട്ടത്തു, മന്മഥഭ്രാന്തിയാൽ
പോവും വിലയ്ക്കു കൊടുക്കപ്പെടും ചില
പൂവലംഗാശ്ലേഷസൌഖ്യത്തിനായി ഞാൻ!—
എന്നിലുള്ളേതോ പിശാചിൻവെളിപാടി-
നൊന്നുപശാന്തിയണയ്ക്കുവാനായി ഞാൻ!—

തെററു ഞാൻ ചെയ്തു;—ശരി,യെങ്കിലുമതിൽ
കുററമെനിയ്ക്കില്ല നിർദ്ദോഷിയാണു ഞാൻ.
താരുണ്യമാണോ, കൊതിയ്ക്കും മധുരമാം
നാരീപുരുഷസംയോഗമഹോത്സവം
ആയതപരാധമായിട്ടു 'നീതി'യാൽ
ന്യായീകരിപ്പൂ സമുദായമെന്തിനോ!

സ്നേഹിതാ, നില്ക്കൂ, ഞാൻ ചോദിച്ചിടട്ടെ,യി
മോഹസാദ്ധ്യത്തിന്നു മാർഗ്ഗമില്ലായ്കയാൽ
എത്ര താരുണ്യമധഃപതിപ്പീലിന്നു
ചിത്തരോഗാഗാധഗർത്തത്തിൽ നിത്യവും?
ശാശ്വതസ്നേഹനിശ്ശൂന്യമാകും വെറും
വേശ്യാലയം മാത്രമാണവർക്കാശ്രയം.

Digitized By Kerala Sahitya Akademi

ആ വിധികൽപിച്ചിടും സമുദായത്തെ
ആപതിപ്പിയ്ക്കുകയാണന്തനാരതം.
ഓരോ ഭയങ്കരവ്യാധികളാകുന്ന
ഘോരായുധപ്രയോഗങ്ങളായെപ്പൊഴും
ഹാ ദയനീയമടിയ്ക്കടി വദ്ധിക്കു-
മീദുഃസ്ഥിതികളെദ്ദൂരീകരിക്കുവാൻ
എന്നു സന്നദ്ധമാകുമെന്നോ സമുദായ-
മന്നേ തെളിയ്ക്കു പുരോഗതിപ്പാതകൾ.

## XXXI

ഇത്രകാലവുമെങ്ങിരുന്നു മൽ
സ്വപ്നരംഗങ്ങൾ വിട്ടു നീ.
വിശ്വസിച്ചു വിവശനാമെന്നെ
വിസ്മരിച്ചു നീയെന്നു ഞാൻ.
വിസ്മയപ്പെടാനി,ല്ലതിലത്ര
വിശ്രമോത്സുകയാണു നീ
അപ്രതീക്ഷിതമാണെനിയ്ക്കു നി-
ന്നപ്രതിമോജ്ജ്വലാഗമം
എങ്കിലെന്തതിൻ നിർവൃതിയിലി-
ന്നെൻകരൾക്കാമ്പലിഞ്ഞുപോയ്
നിന്നെ വന്ദിതിരേല്പു മന്മന-
സ്സന്ദനാഞ്ജലികൊണ്ടു ഞാൻ!

Digitized By Kerala Sahitya Akademi

# ആത്മദാഹം

ഉത്തരം ലഭിക്കാത്ത ചോദ്യരൂപത്തിൽത്തന്നെ-
യിപ്പൊഴും ചിലയ്ക്കയാണുത്തരായനപ്പക്ഷി.
ഇത്രനാളുത്തു കഷ്ടം കേട്ടിട്ടും ലോകത്തിനൊ-
രുത്തരം ചൊല്ലാനില്ലൊരിത്തിരി നേരംപോലും.
പൊള്ളുമാവിരഹത്തിൻ മുഷ്ടിയിൽ, ചിറകിട്ടു
തല്ലിടും പ്രണയത്തിൻ പ്രാണവേദനയല്ലേ?
ലോകകോടികളേവം കടന്നു കടന്നുപോ-
മാകുലാലാപം, ദ്രവിച്ചൊഴുകും പശ്ചാത്താപം.
പരമാനന്ദത്തിന്റെ പട്ടുമെത്തയിൽച്ചിന്നും
പനിനീർപ്പൂവല്ലല്ലോ മൂകരാഗത്തിൻ ചിഹ്നം.
പാരവശ്യത്തിൻ—കത്തിക്കാളുന്നൊരന്തർദ്ദാഹ-
ഭാരത്തിൻ—ചൂടാറ്റിയാലാറാത്ത ചെന്തീയല്ലേ?
അച്ഛിന്നതാപ,മാത്മാവജസ്രം പൊള്ളിച്ചീട-
മച്ചിഹ്നം പേറിത്തന്റെ തീർത്ഥയാത്രയിലെങ്ങും,
വിളിച്ചു ചോദിക്കയാണെവിടെ പുണ്യക്ഷേത്രം?
വിരക്തി വാദിക്കയാണെന്തിനു ഭോഗോദ്വേഗം?

വിരഹം—പ്രണയത്തിൻ വിട്ടുമാറാത്തോരംശം
വിലപിക്കുന്നു—"ഞാനും ചോദിച്ചതാണാച്ചോദ്യം.
എന്നിട്ടും പരിഹാസഭാവത്തിലല്ലാതിന്നു-
മെന്നെ നോക്കുന്നില്ലല്ലോ മൂഢമാം ഭൗതികത്വം.!

Digitized By Kerala Sahitya Akademi

അതിനെപ്പോഴുംവേണ്ടതാനന്ദം—സ്വപ്നം—മാത്രം
കുതികൊൾകയാണതാ നിഴലിൻ പിമ്പേ നിത്യം.
നിന്നെ നിൻസാക്ഷാൽക്കാരം മാർഗ്ഗമായൊരു നാളി-
ലെന്നെ ഞാനില്ലാതാക്കാമെന്നാലെൻ പ്രകാശമേ,
നീയെന്തേ മാററീടാത്തതീമൂടുപടം?—വെറും
മായികം—നിനക്കതു നീക്കാനീ മടിയെന്തേ?
നഗ്നമാം നിൻനൈർമ്മല്യം കർമ്മബന്ധത്തെ വിട്ടു
മുക്തമാകുമ്പോൾക്കാണാം നിനക്കാപ്പുണ്യക്ഷേത്രം.
സത്യമാം സൌന്ദര്യത്തിൽ, സൌന്ദര്യമാം സത്യത്തിൽ
നൃത്തമണ്ഡപം—കാണാം നിനക്കച്ചിദാനന്ദം!
ഈ വെള്ളിത്തോണി നിനക്കെന്തിനാണെന്നോ?

ലോക-
ജീവിതവാരാശിതന്നക്കരപററാൻ മാത്രം!"

* * *

ഉത്തരംലഭിക്കാത്ത ചോദ്യരൂപത്തിൽത്തന്നെ-
യിപ്പോഴും ചിലയ്ക്കുയാണുത്തരായനപ്പക്ഷി.
ജീവനായ്ത്തനിക്കുള്ളോരൊന്നിനെത്തേടിത്തേടി-
യീവിധം തേങ്ങിത്തേങ്ങിക്കരയുമതിൻ പേരിൽ
ഇല്ലൊട്ടും സഹതാപം ലോകത്തി,നല്ലെന്നാകിൽ
ചൊല്ലുമായിരുന്നില്ലേ, വല്ലതും സമാധാനം?

കേണു കേണയ്യോ പൊള്ളും വിരഹച്ചെന്തീയിൽ
(നിൻ
പ്രാണവേദനയേവം ചിറകിട്ടടിക്കുമ്പോൾ



Digitized By Kerala Sahitya Akademi

കോമളേ, നിന്നെത്തേടിക്കണ്ടെത്താതുഴന്നിടും
മാമകതപ്തപ്രാണഭൃംഗകം മൂളിടുന്നു:—

"പാടാത്തവെളിച്ചമേ വിരഹ-
ച്ചെന്തീയിൻെറ
ചൂടാറാൻ, മരണത്തിൻ, താമര-
വിശറിയാൽ
കാലത്തെക്കൊണ്ടൊന്നെന്നെ വീശിച്ചു
വേഗം വേഗം
ചേലിൽ നിന്നടിയിൽ വീണൊന്നു ഞാ-
നുറങ്ങട്ടെ!"

## XXXII

അനവരതധ്യാനത്തിൻ പൂനിലാവി-
ലഴകണിയും മാമകഭാവനയിൽ
അനുപമിതചൈത്രമേ, നിവൃതിത-
ന്നലർ വിതറിപ്പോരും നീയാഗമിപ്പൂ.

28—10—1116.

## XXXIII

ഭാവികാലവസന്തമാസത്തിലെൻ
ജീവിതലത പൂക്കുമെന്നാശയാൽ
ലോലബാഷ്പകണങ്ങളാൽ ചിന്നതി-
ന്നാലവാലം നനയ്ക്കുകയാണു ഞാൻ!
ധാരധാരയായ്ത്തേങ്ങിക്കരവതി-
ലാരുമെന്നൊപ്പുഴിച്ചിടായ്ക്കപ്പവും

Digitized By Kerala Sahitya Akademi

അല്ലലോരോന്നടക്കുവാനായിടാ-
തുള്ളുപൊട്ടിപ്രലപിപ്പതല്ല ഞാൻ!

ശോകഭാവത്തിലൊറ്റവാക്കോതാതെ
മൂകനെന്നപോൽ ഞാനങ്ങിരിക്കവേ,
നീരസം വഴിഞ്ഞീടുന്ന നാവിനാ-
ലാരുമെന്നെപ്പഴിച്ചിടായ്കല്പവും
ഭാവിയിലെൻ മനോശ്ശുകത്തിന്നതി
വാവദൂകതയേറ്റുവാൻ മാത്രമായ്
ഞാനിതുപോൽ പിരിഞ്ഞൊഴിഞ്ഞെപ്പൊഴും
ധ്യാനലോലനായാവസിക്കുന്നതാം.

പുഞ്ചിരിയുടെ വാചാലദുർമ്മദം
നെഞ്ചിടിയുടെ നിശ്ശബ്ദസങ്കടം
രണ്ടിനും നടുക്കുള്ളതാമൂർക്കടൽ
കണ്ടു ഞെട്ടുമെൻ ചിന്താപിപീലികേ!
കാലമിന്നവ സംഘടിപ്പിക്കുവാൻ
നൂലിനാലൊരു പാലം രചിക്കയാം!
പോക,പോക പതറാതെ മുന്നോട്ടു
പൂകുവാൻ ചെന്നപാരതയിങ്കൽ നീ!

Digitized By Kerala Sahitya Akademi

# ചിന്താവിഹാരം

1

ആനന്ദമാനന്ദമതാണു ഞാന-
ന്നാരാഞ്ഞു പോയോരനവദ്യരത്നം
എന്നാലതിൻ കൊച്ചു തരിമ്പുപോലു-
മൊരേടവും ഞാൻ കണികണ്ടതില്ല.

2

വരിഷ്ഠരാണെന്നു തെളിഞ്ഞുനിന്നു
വയോധികന്മാർ ചിലരെന്നൊടോതി:—
"കാളപ്പുറത്തേറി നടന്നതാമാ-
ക്കാലാരിയെച്ചെന്നു ഭജിയ്ക്കു കുഞ്ഞേ!"

3

കുളിച്ചു ചാരം വരയിട്ടു പൂശി-
പ്പാലും കരിക്കും കരതാരിലേന്തി
ശിലാതലത്തെശ്ശിവലിംഗമാക്കി-
ശ്ശിരസ്സു കുമ്പിട്ടു ഭജിയ്ക്കയായ് ഞാൻ.

4

നേരം വെളുത്താൽ നിശയാവതോളം
നാലമ്പലക്കെട്ടിൽ നമസ്കരിയ്ക്കേ,
കാലക്രമംകൊണ്ടൊരു മാംസപിണ്ഡം
നെററിത്തടം നേടുക മാത്രമുണ്ടായ്.

Digitized By Kerala Sahitya Akademi

5

‘പ്രസാദ’മേന്തുന്ന മദീയവക്ത്രം
പ്രസാദമില്ലാതെ വിവർണ്ണമായി
തീരെക്കഴിഞ്ഞീലയെനിക്കു കഷ്ടം
തീർത്ഥത്തിനാൽ തൃഷ്ണയടക്കിനിർത്താൻ!

6

ദേവാലയഭ്രാന്തർ പുകഴ്ത്തിടുന്ന
സമ്പൂതമാധുര്യമെഴും ‘നിവേദ്യം’
എന്മാനസത്തിൻെറ വിശപ്പടക്കാ-
നെള്ളോളവും ശക്തി വഹിച്ചതില്ല.

7

ഞാനേകിടും ദക്ഷിണ നോക്കി നോക്കി
കൺമങ്ങവേ കൈകളുയർത്തിമോദാൽ
പുരോഹിതൻ തന്ന വരങ്ങളെൻെറ
പുരോഗതിക്കാസ്പദമായതില്ല.

8

“കല്ലിൻെറ മുമ്പാകെ, കഴുത്തൊടിഞ്ഞു
കൈകൂപ്പിനിന്നങ്ങനെ കേണിരുന്നാൽ
കണ്ടെത്തുമോ, ഹാ, കമനീയമാകും
കല്യാണകന്ദം വിടുവിഡ്ഢിയാം നീ?”

9

ഒരിക്കലിമ്മട്ടു കുറച്ചു വാക്യം
നിശ്ശബ്ദമായോതി മദീയചിത്തം
അതേ, മനസ്സാണിരുളിങ്കൽനിന്നും
വിമുക്തമാക്കുന്നതു നമ്മെയെന്നും!

Digitized By Kerala Sahitya Akademi

10

ആനന്ദരത്നം വിളയുന്ന ദിക്കേ-
താണെന്നതെന്നോടു പറഞ്ഞു മന്ദം
എന്നാലതിൻ ചാരെയണഞ്ഞിടാനെൻ
കാൽച്ചങ്ങലക്കെട്ടഴിയുന്നതില്ല.

11

സ്വാതന്ത്ര്യമെന്നുള്ളൊരനർഘശബ്ദ-
മാനന്ദമാണായതു നേടുവാനായ്
ഇപ്പാരതന്ത്ര്യക്കടൽ നീന്തി നീന്തി-
ച്ചെല്ലേണമങ്ങേക്കരെ നമ്മളെല്ലാം.

12

സമത്വമെന്നുള്ളതുടഞ്ഞിടാത്ത
ചങ്ങാടമാണായതു തീർത്തെടുക്കിൽ
നമുക്കിതിങ്കൽ തരണം നടത്താൻ
പ്രയാസമുണ്ടാവുകയില്ല പിന്നെ.

13

'പാവങ്ങൾതൻ പ്രാണമരുത്തു'കൊണ്ടു
പാപിഷ്ഠരാകും പ്രഭുസഞ്ചയങ്ങൾ
പായിച്ചിടും സ്വാർത്ഥസുഖങ്ങളായ
പാക്കപ്പലൊട്ടുക്ക തകർക്ക നമ്മൾ.

14

വിശപ്പുതട്ടും വയറിൻ വിലാപം
വിത്തേശ്വരന്മാർക്കു വിനോദഗാനം
വിയർത്തൊലിക്കും പുലയന്റെ ഗാത്രം
വിപ്രന്നു, ഹാ, തീണ്ടലിയന്ന പാത്രം.

Digitized By Kerala Sahitya Akademi

15

വിശ്വാന്തരീക്ഷം, ഹഹ, മൂഢരാമീ
വിത്തേശർ വീശും വിഷവായുമൂലം,
ദുഷിച്ചുപോയ് — നാമതു നീക്കിയില്ലെ-
ന്നാകിൽ സമാധാനമലഭ്യമത്രേ!

16

കല്ല്യാകമീശന്നു വസിക്കുവാൻ, നാ-
മിന്നാൾവരെക്കമ്പലമെത്ര തീർത്തു
മതത്തിനായി ക്ഷിതിയിങ്കലെത്ര-
ചൊരിഞ്ഞു നാം നിർമ്മലജീവരക്തം!

17

നിരർത്ഥകൃത്യങ്ങളൊരിക്കലും നാ-
മിമ്മട്ടു ചെയ്യുന്നതു യുക്തമല്ല;
നിസ്തുല്യരാകും നരർ നമ്മൾ കഷ്ടം
നിർല്ലജ്ജമാ വാനരരാവുകെന്നോ!

18

മഹാനർഘമാകുന്നൊരാത്മാവു ദൈവം
മനസ്സാണതിൽ ദിവ്യമംഗലക്ഷേത്രം.
മതം നമ്മിലെല്ലാം സ്വയം സഞ്ജനിക്കും
ഹിതം തന്നെ; സ്വാതന്ത്ര്യമൊന്നുതാൻ മോക്ഷം!

Digitized By Kerala Sahitya Akademi

# അംബാലിക

I

വലിയൊരു കൊട്ടാരത്തിൽ, വടിക്കിനിസ്ഥകം, പു
വലിച്ചൂഴം നടുമുററവളപ്പുരികിൽ, (ഷ്പാ-
കരിങ്കുവളാക്ഷിയൊരു കനകവല്ലികയതാ
കരിങ്കൽത്തൂണിന്മേൽച്ചാരിക്കരഞ്ഞിരിപ്പൂ!
നീലനിറനീരദങ്ങൾ നീളെ നിരന്നപോൽ പരി-
ലോലകുന്തളമഴിഞ്ഞു നിലത്തടിഞ്ഞും,
ഉടുപുടവയാകവേ കടുതരകദനത്താൽ
ചുടുകണ്ണീർക്കണങ്ങളാൽ നനച്ചുകൊണ്ടും
സതി! വാമകരത്തിനാൽ മദഭൃതി വഴിയുമാ
മതിമോഹനാനനാബ്ജം വഹിച്ചുകൊണ്ടും,
അടക്കിടാനസാദ്ധ്യമാമഴലിനാലടിക്കടി
നെടുവീർപ്പുമിട്ടുകൊണ്ടു,മിരിക്കയത്രേ.

II

പരിണയം കഴിഞ്ഞിട്ടു പതിയെങ്ങോ പോകമൂലം
പരിതപ്തയായ്ത്തീർന്നൊരാത്തയ്യലാൾക്കുള്ളിൽ
പല പല വിചാരങ്ങളലതല്ലി മറിയുമ്പോൾ
പരഭൃതമൊഴിയശ്ശേഷം നടുങ്ങിപ്പോയി.
ഒരുമാസം മുഴുവനും കഴിഞ്ഞീലസ്സുകുമാരി
വരനൊത്തു നിവസിച്ചി,ട്ടതിനു മുന്നിൽ

Digitized By Kerala Sahitya Akademi

പരിണീതയവൾ കഷ്ടം, പരിതാപപരീതയായ്
വിരഹത്തിൻ്റെ തീയിൽ പൊരികയല്ലോ!
പ്രിയതമവിയോഗത്താലൊരുപോതും സഹിയാ
(തെ
കയൽക്കണ്ണാൾ കരച്ചിലാൽ കഴിപ്പൂ കാലം.

III

'മാണിക്യമംഗല'മെന്നു പുകൾപെറും മനസ്സിലെ-
യാണിത്തയ്യ,ലന്തഃപുരസുന്ദരതാരം,
കുടുംബത്തിൽ രത്നദീപമായ് വിളങ്ങുമിത്തരുണി-
യൊടുവിലവശേഷിച്ചോരേകസന്താനം,
നിതാന്തസംതൃപ്തനായി നിവസിയ്ക്കും വൃദ്ധവന്ദ്യ-
പിതാവിൻ്റെ ലാളനകൾക്കേകഭാജനം.
അതുമൂലം പതിനാറു വയസ്സുചെൽവതിൻ മുന്നേ
കുതുകമോടവൾക്കവർ മംഗല്യമേകി
നിരവദ്യമായിട്ടും തജ്ജാതകവിശേഷമോർത്തു
നിരുപമനിർവൃതിയിലവർ മുഴുകി.
'കുന്ദമംഗല'ത്തുനിന്നൊരുണ്ണിനമ്പൂതിരിയന്ന-
സ്സുന്ദരാംഗിയാളെസ്സഹധർമ്മിണിയാക്കി.

IV

അംഗലപരിഷ്കാരിയെന്നവർ തെററിദ്ധരിയ്ക്കയാൽ
മംഗലശീലനപ്പുമാൻ നിന്ദിതനായി.
ഖദർമുണ്ടും, ഷർട്ടും, ഷാളും, ക്രോപ്പും, കണ്ണാടിയു
(മന്ന-
സ്സദനവാസികൾ പാടേ വെറുത്തിരുന്നു.

6

Digitized By Kerala Sahitya Akademi

നാമമന്ത്രഹോമാദികൾ വെടിഞ്ഞ നാസ്തികനെന്നാ-
യാമഹാനെയവരൊക്കെപ്പഴിച്ചു ചൊല്ലി.
എന്തു ചെയ്യാം കർമ്മപാശബന്ധനത്തിലകപ്പെട്ട
സന്തതമബ്ബന്ധുവൃന്ദം സന്തപിയ്ക്കുയായ്.
ആററു നോററുണ്ടായ പൊന്നുകണ്ണത്താത്തോലിൻ
(വിധിയെന്നു
തോററം ചൊല്ലിത്തോഴിമാരും പൊഴിച്ചു കണ്ണീർ.
[അപൂർണ്ണം]

## XXXIV

സത്യപ്രകാശമേ, കൂപ്പുകൈമൊട്ടുമായ്
നിത്യവും നിൻെറ പടിക്കൽ വരുന്നു ഞാൻ.
പാവനോന്മാദത്തിൽ മിന്നിവിടരന്നൊരെൻ
ജീവിതപ്പു നിനക്കഞ്ജലിചെയ്യുവാൻ!

നിൻകാൽ കഴുകിച്ചിടാവു നിരന്തര-
മെൻകൂരൾ പൊട്ടിയൊതിരുന്ന കണ്ണുനീർ.
ചെന്നെത്തിടട്ടെൻ നിമേഷങ്ങളൊക്കെയും
നിന്നെക്കുറിച്ചുള്ളനുരാഗചിന്തയിൽ.
നിൻമൌനസംഗീതസാരം തുളുമ്പലാൽ
ധന്യമാകട്ടെയിപ്പൊള്ളയോടക്കുഴൽ.
സത്യപ്രകാശമേ, ചേരട്ടെ നിന്നോടു
സദ്രസം ഞാനാം ക്ഷണികഹിമകണം!

8 – 3 – 1109.

Digitized By Kerala Sahitya Akademi

# ഊർമ്മിള

"അംഗീകരിക്കുകിപ്പുഷ്പാഞ്ജലികളെ
നിങ്ങളെല്ലാരും വനദേവതകളേ!
കാനനവീഥിയിൽ നിങ്ങളെൻ കാന്തനെ-
ക്കാണുമ്പൊഴെല്ലാമനുഗ്രഹിക്കേണമേ!"

വാരുണദിക്കിൽ പനീരലർത്താലവും
ചാരുകരങ്ങളിലേന്തിനിന്നങ്ങനെ
ഭക്ത്യാദരപൂർവ്വമഞ്ജലി ചെയ്കയാ-
ണപ്പൊഴാഗ്രീഷ്മാന്തസായാഹ്നസന്ധ്യയും...
ഏതോവിരഹിണിതൻ നെടുവീർപ്പുപോൽ
പാദപച്ഛാത്തിലലയുന്നു മാരുതൻ
കുന്നിന്റെ പിന്നിൽക്കിളരുന്നു പഞ്ചമി-
ച്ചന്ദ്രനൊരോമൽക്കിനാവെന്നമാതിരി!
കോസലരാജസൌധാരാമഭൂവിലെ-
കോമളശ്രീലസരസിജവാപിയിൽ
നീരാടിയീറനുടുത്തു നിതംബത്തിൽ
നീലമുകിൽക്കുന്തൽ വീണലഞ്ഞങ്ങനെ
തങ്കക്കൊടി വിളക്കൊന്നൊരു കയ്യിലും
പങ്കജപ്പൂന്താലമന്യകരത്തിലും
ഏന്തി, കുലദൈവതക്ഷേത്രഭൂമിയിൽ
താന്തയായ് നിന്നു ഭജിക്കയാണൂർമ്മിള:—

Digitized By Kerala Sahitya Akademi

"അംഗീകരിക്കുകിപ്പുഷ്പാഞ്ജലികളെ
നിങ്ങളെല്ലാരും വനദേവതകളേ!
കാനനരംഗത്തിൽ നിങ്ങളെൻ കാന്തനെ-
ക്കാണുമ്പോഴെല്ലാമനുഗ്രഹിക്കേണമേ!"

ആ രഘുനന്ദനഭക്തസഘജനെ
കാരുണ്യപൂർവ്വകം കാത്തുകൊള്ളേണമേ!
ഒത്തില്ലെനിക്കാ പദാബ്ജങ്ങളെൻമടി-
ത്തട്ടിലെടുത്തുവെച്ചാമനിച്ചീടുവാൻ.

[അപൂർണ്ണം]

---

## XXXV

മരണം!—മരണമോ? – മരണം പോലും!—കഷ്ടം!
മനമേ, മതിയാക്കൂ നിൻെറ ജല്പനമെല്ലാം!
ജീവിതം വെറും സ്വപ്നമാണെങ്കിലായിക്കോട്ടേ
ഭൂവിലസ്സ്വപ്നംകാണലാണെന്നാലെനിക്കിഷ്ടം.
മരണം തരുന്നൊരപ്പുഞ്ചിരിക്കായിട്ടു ഞാൻ
വെറുതെ കളയില്ലിജ്ജീവിതബാഷ്പം തെല്ലും.
ദുഃഖമാർഗ്ഗത്തിൽക്കൂടിത്തന്നെ പോയാലേ, ചെല്ലൂ
ദുഃഖമൊരല്പംപോലും തീണ്ടാത്ത സാമ്രാജ്യത്തിൽ!

17—4—1111.

## XXXVI

നിർവൃതിതൻനികുഞ്ജകങ്ങളിൽ
നിന്നെ നോക്കി നടന്നു ഞാൻ!
ഒന്നുരണ്ട,ല്ലൊരായിരം ജന്മം
നിന്നെക്കാണാതുഴന്നു ഞാൻ.

13—9—1111.

Digitized By Kerala Sahitya Akademi

# കല

## [ഒരു ഗീതകം]

കലയെന്താണെന്നല്ലേ? ജീവിതത്തിനെക്കാളും
വിലപെട്ടീടുമൊരു 'ശക്തി'യാണതു തോഴീ!
സ്വർഗ്ഗചൈതന്യം വീശും ഭാവന,കാട്ടും ദിവ്യ-
സ്വപ്നമാ,ണതിൻ മീതെയില്ല മറ്റൊന്നുംതന്നെ!
ഹൃദയങ്ങളെത്തമ്മിൽക്കൂട്ടിമുട്ടിച്ചാ ദിവ്യ-
പ്രണയത്തെളിമിന്നൽ, മിന്നിയ്ക്കാനതുപോലെ,
ശക്തിയുള്ളതായില്ല മറ്റൊന്നും ഭുവനത്തി-
ലത്രമേലനവദ്യമാണതിൻ സ്വാധീനത്വം.
ഒന്നിനും സാധിയ്ക്കാത്ത പലതും 'കല'യെന്നു-
നിന്നൊരു മന്ദസ്മിതംകൊണ്ടു നിഷ്പ്രയാസം നേടും!
ഒരുകാലത്തും വററിപ്പോവുകില്ലതിൻ പൊയ്ക-
യൊരുകാലത്തും മാർഗ്ഗംതെററുകില്ലതിൻ നൌക!
കലയെ—നിർവ്വാണപ്പൂങ്കുലയെ—സൌന്ദര്യപ്പൊ-
ന്നലയെ—പ്പുല്കിപ്പുല്കി മന്മനം തളർന്നാവൂ!!

---

## XXXVII

പ്രണയമയോന്മാദികേ, ജീവിതത്തി-
ലിനിയൊരുനാൾ നിന്നെ ഞാൻ കാണുമെങ്കിൽ....!

6—8—1111.

Digitized By Kerala Sahitya Akademi

## XXXVIII

[പി. എം. അച്യുതവാരിയർ സാറിൻെറ അപേക്ഷയനുസരിച്ച് തൃക്കാരിയൂർ യുവജനസംഘം വക വായനശാലയുടെ ഉൽഘാടനസമ്മേളനത്തിന് എഴുതിയയച്ചുകൊടുത്ത ആശംസ.]

ആരബ്ധോത്സവ,മാദരാ,ലനുദിനം
സോൽക്കർഷമാത്മപ്രഭാ-
പൂരത്തിന്നുറവായുദിച്ചുയരുമി-
ഗ്രന്ഥാവലീമന്ദിരം
സാരജ്ഞക്കനുഭൂതിയും, പതിതരാ-
മജ്ഞക്കു വിജ്ഞാനവും
പാരമ്യത്തിലണച്ചു വെൺപുകൾ പൊഴി-
ച്ചുട്ടേ ചിരം മേൽക്കുമേൽ!

28—10—1117.

## XXXIX

ഭുവനരംഗത്തിൽ പ്രണയഭിക്ഷുവി-
നെവിടെച്ചെന്നാലും പരിഭവം.
പരിഭവം വെറും പരിഭവം—അയ്യോ
പരമദുസ്സഹം, ദയനീയം!!

18—12—1107.

Digitized By Kerala Sahitya Akademi

# ഒരു കത്ത്

[To. Miss T. R. Vimala]

പരിശുദ്ധസൌഹൃദപൂരം പൂണ്ടു
പരിചിൽ നിൻലേഖനസാരം.
മമ ചിത്തഭൃംഗം നുകൎന്നു— ചിന്താ-
മലരണിത്തോപ്പിൽപ്പറന്നു.
പരിപൂതസ്നേഹമരന്ദം—പൂശി-
പരിമളം വീശിയമന്ദം.
തവ രമ്യലേഖനസൂനം—കാവ്യ
തരളതയാലാകമാനം
ഹൃദയം കവൎന്നു ലസിപ്പൂ—ജീവൻ
മദഭരം മന്ദഹസിപ്പൂ!
അനുപദസാന്ത്വനസാന്ദ്രം—അതെ-
ന്തനവദ്യനിൎവ്വാണകേന്ദ്രം!
അതിനിതാ നല്കുന്നേനാദ്യം—ഞാനെ-
ന്നനുമോദനാൎദ്രാഭിവാദ്യം!

* * *

പരമാൎത്ഥസ്നേഹത്തിൻ സത്തേ—വെല്കു
കരുണതൻ ചെന്തളിൎത്തൊത്തേ!
സതതം ഞാൻ താവകമിത്രം—നീയെൻ
സമുചിതവാത്സല്യപാത്രം!
തണൽവിരിച്ചത്യനുകൂലം—ശാന്തി
തളിരിട്ടുനില്ക്കുമിക്കാലം

Digitized By Kerala Sahitya Akademi

അതിനുടെചോട്ടിലിരിക്കാം—നമു-
ക്കതുമിതുമോതി രസിക്കാം!
അണിയാം വിവിധപ്രതാപം—പക്ഷേ
ക്ഷണികമിജ്ജീവിതദീപം
വിരലുകൊണ്ടെന്നാലും തൊട്ടാൽ— പൊള്ളു-
മിതു ളാണതെങ്ങാനും കെട്ടാൽ
നില നില്ക്കുമസ്വല്പകാലം—പക്ഷേ
വിലസുമതുജ്ജ്വലശ്രീലം
കരിപിടിപ്പിക്കായ്ക ലേശം— അതിൻ
കനകപ്രഫുല്ലപ്രകാശം!
ചൊരിയുക മേല്ക്കുമേൽ സ്നേഹം—കാന്തി-
ത്തിരയിൽ മുങ്ങട്ടാത്മഗേഹം!
ഇതു നിത്യമുള്ളിൽസ്മരിക്കൂ—ദേവി
സതതം നീ ശാന്തി ഭജിക്കൂ!

* * *

തവ ചിത്തം പുല്കിയെന്നുൾപ്പൂ—ഞാനും
തരസാ മറുകത്തയപ്പൂ.
സകലസൌഭാഗ്യസമേതം—വെല്ക
സഹജേ, നീ സഞ്ചിതാമോദം!
വിജയം നേരുന്നാം സുശീലേ—ജ്യേഷ്ഠൻ
വിരമിച്ചിടുന്നു വിമലേ!!

## XXXX

ആയിരംകൂട്ടമനുനയമോതുകൊ-
ണ്ടാമണിമെത്തന്നലടുത്തിടുമ്പോൾ;

Digitized By Kerala Sahitya Akademi

മൊട്ടിട്ട മുല്ലപോ,ലെങ്ങാനും ഞാനൊന്നു
തൊട്ടാൽ,ക്ഷണംകൂ,മഴക്കാമളാംഗി
മിന്നലുലയുന്ന കണ്ണേറിനാലവ-
ളെന്നെയനങ്ങാതുടക്കിനിർത്തും
പെട്ടെന്നു തൂവെള്ളിപ്പൂക്കളുതിർത്തപോൽ
പൊട്ടിച്ചിരിച്ചവൾ കണ്ണുപൊത്തും!

17—8—1110.

## XXXXI

കർത്തവ്യലോപംനിമിത്തം, നിജാധീശ-
കർക്കശശാപേന കാന്താവിയുക്തനായ്,
അസ്തംഗതപ്രഭാവാപ്തനായ് മേവിനാൻ
ദുസ്സഹക്ലേശം സഹിച്ചൊരു വത്സരം,
ജാനകീദേവിതൻ സ്നാനസമ്പൂതമാം
കാനനതീർത്ഥങ്ങളുല്ലസിച്ചങ്ങനെ
ശ്യാമളച്ഛായാതരുക്കൾ നിറഞ്ഞിടും
രാമഗിരിയിലൊരേകാന്തകാമുകൻ.

ജായാവിയുക്തപരവശൻ, ഭ്രംശിത-
ജാതരൂപോജ്ജ്വലകങ്കണഹസ്തവാൻ
ദീനനായ് മാസങ്ങൾ മൂന്നുനാലമ്മട്ടി-
ലാനയിച്ചാനാ നഗത്തിലക്കാമുകൻ.
ആഷാഢമാസപ്രഥമദിവസത്തി-
ലാശ്ലിഷ്ടസാനുച്ഛായാകമ്രരൂപമായ്
ഉത്തുംഗമാം കൊടുംപാറയെ നേരിട്ടു
കുത്തുപിടിച്ചു കൂത്താടിസ്സകൌതുകം
ഖേലനലോലനായ് മേവും ഗജത്തിനെ-
പ്പോലെ കണ്ടാനൊരു കാളമേഘത്തിനെ.



Digitized By Kerala Sahitya Akademi

കാമിതോൽപാദനകാരണമാകുമാ-
ക്കാർമുകിൽപ്പൂൺപിന്റെ മുന്നിലെ,മ്മട്ടിലോ
വിസ്തംഭിതാത്മബാഷ്പാർദ്രനായാർത്തനായ്
വിത്തേശ്വരൻ തന്നനുചരനാമവൻ
ചിന്തയിലാണ്ടുകൊണ്ടേറെനേരം മനം
നൊന്തുനൊന്തങ്ങനെ നോക്കിനിന്നീടിനാൻ
കേവലം കാർമുകിൽ കാൺകെപ്പകന്നുപോം
ഭാവം മനസ്സിൽ സുഖികൾക്കുപോലുമേ;
ഓമൽപ്രിയാശ്ലേഷസക്തനാം ദൂരസ്ഥ-
കാമുകൻതൻകഥ പിന്നെയെന്തോതുവാൻ!

[അപൂർണ്ണം]
2—7—1116.

## XXXXII

[മന്ദത്തു പത്മനാഭപിള്ളയുടെ ഷഷ്ട്യബ്ദപൂർത്തി സംബന്ധിച്ചു കൈനിക്കര കുമാരപിള്ളയുടെ അപേക്ഷപ്രകാരം, എറണാകുളം മഹാരാജകീയകലാശാലയിൽ പഠിക്കുമ്പോൾ, എഴുതിക്കൊടുത്ത മംഗളാശംസ.]

മഹിതസേവനമന്ദാരദാരുവിൻ
മലർവിരിച്ച മരതകച്ഛായയിൽ
അവശലോകത്തെയാനയിച്ചാനയി-
ച്ചവധിയില്ലാത്ത ശാന്തിയേകി സ്വയം
അനുദിനം മാനവോൽകർഷപൂർത്തിത-
ന്നടിയുറപ്പിനായർപ്പിച്ച ജീവിതം
വിലസുമുജ്ജ്വലനായകതാരക-
വിമലമിഹിരമേ, നീണാൾ ജയിക്ക നീ!

Digitized By Kerala Sahitya Akademi

വിവിധഭാവന തട്ടിയുണർത്തുമി
നവസുമംഗളഷഷ്ടിപൂർത്ത്യുത്സവം,
ജനിതമോദം നവോൽക്കൃഷ്ടജീവിത-
ജയപതാക പറത്തിടട്ടെന്നുമേ!
പരിചരിച്ചിടട്ടങ്ങയെസ്സന്തതം
പരമസൌഭാഗ്യപൂർത്തികൾ മേൽക്കുമേൽ!!

Digitized By Kerala Sahitya Akademi

# സാവിത്രി

മംഗളാത്മികേ ദേവി, ഗർവ്വിഷ്ഠയാകും കാലം
തുംഗഭക്ത്യാ നിന്മുന്നിൽ കൂപ്പുകൈയുമായ് നില്പൂ.
ചഞ്ചലശതാബ്ദങ്ങൾതൻ കളിപ്പൂഞ്ചെണ്ടുകൾ
സഞ്ചയിച്ചീലെത്ര നിൻപാദങ്ങൾ, പവിത്രങ്ങൾ!

ഗർജ്ജനംമൂലം ലോകം മുഴുവൻ വിറപ്പിച്ച
നിർജ്ജിതനായ്നിന്നോരാ മൃത്യുസിംഹത്തേപ്പോലും
കേവലമൊരുനോക്കാൽ മാൻകിടാവാക്കിത്തീർത്ത
താവകപ്രഭാവമാം ശുക്രനക്ഷത്രംപോലെ

ഇന്നോളമുദിച്ചിട്ടില്ലന്യശക്തിതൻ താര-
മൊന്നുമേ പുരാണത്തിൻ വിസ്തൃതവിഹായസ്സിൽ
ഉണ്ടരുന്ധതി നിന്റെ തോഴിയായൊരു മുല്ല-
ച്ചെണ്ടു, നീ മഹാനർഘമോഹനസിതാബ്ജവും!

ജനചിത്തത്തിൻ ചിന്താമേഖലങ്ങളുയർന്നുയർ-
ന്നണിയിട്ടണയുന്നു നിൻപാദമാശ്ലേഷിയ്ക്കാൻ!
മർത്ത്യസാദ്ധ്യതയുള്ളോരതിരിൻ വക്കത്തുചെ-
ന്നെത്തിനോക്കുകമാത്രമല്ല നീ ചെയ്തു ധന്യേ......

പിന്നെയോ? പുരാതനഭാരതീയാദർശത്തിൻ
മിന്നൽനിന്നഭിധാനം വാടാത്ത വിളക്കാക്കി!

നീ മരിച്ചോരേപ്പോലും തൽക്കാലം ജീവിപ്പിയ്ക്കേ
നീ മരിയ്ക്കാത്തോളമായി, നിത്യത നിന്റേതായി!

Digitized By Kerala Sahitya Akademi

സ്തുതികീർത്തനമൊന്നും വേണ്ട നിൻനാമത്തിൽ പൊൻ-
കതിർ പൊങ്ങുവാൻ, ലോകമായത്തിൽ മുങ്ങീടുവാൻ!
വനിതാദർശത്തിന്റെ നിത്യമംഗളാപ്തമാ-
മനോലോജ്ജ്വലഹേമചിഹ്നമേ നമസ്കാരം!

## XXXIII

## What does little birdie say?

വിണ്ണിൻ നീലച്ചുരുളുകളിൽ —
പൊന്നിൻപുലരൊളികിളരുമ്പോൾ;
പുളകിതതരളിതലതികകളിൽ —
പുതുമലർമൊട്ടുകൾ വിരിയുമ്പോൾ;
പച്ചക്കൂടിനകത്തമരും—
പക്ഷിക്കുഞ്ഞെന്തോതുന്നു?

"അമ്മേ ചിറകുവിരിച്ചിനി ഞാൻ
ചെമ്മേ പാറിപ്പോകട്ടേ!
തെരുതെരെ വിണ്ണിൻ ചിറകുകളിൽ
ചിറകുവിരിച്ചു പറക്കട്ടെ!"

ചെല്ലക്കുഞ്ഞിനു മറുപടിയിങ്ങനെ —
തള്ളക്കിളിയുടനേകുന്നു:—

"കുറെനാൾകൂടിക്കഴിയട്ടേ
ചിറകുമുളച്ചതു വളരട്ടേ.

Digitized By Kerala Sahitya Akademi

വലിയ കൊടുങ്കാററലറിവരും
വഴികളിലൊന്നും തളരാതെ;
വിവിധവിപത്തുകൾ വീശും വലകളിൽ
വിവശം വീണു കുടുങ്ങാതെ;
.........................................."

7—5—1113.

എന്തിനു കവികളേ, ഹാ, നിങ്ങളിത്രനാള-
മെന്തിനെൻ തന്നിരൂപം മറച്ചുവെച്ചു?

7—10—1111.

Digitized By Kerala Sahitya Akademi

# ചില പുതിയ പുസ്തകങ്ങൾ

| | | | | |
|---|---|---|---|---|
| 1. | രണ്ടിടങ്ങഴി | 2 | 8 | 0 |
| | ഗ്രന്ഥകർത്താ: തകഴി | | | |
| 2. | തലയോട് ,, | 1 | 8 | 0 |
| 3. | മൂടുപടം | 2 | 8 | 0 |
| | ഗ്രന്ഥകർത്താ: പൊറ്റെക്കാട് | | | |
| 4. | പ്രതികാരദുർഗ്ഗ് | 2 | 8 | 0 |
| | ഒരു നോർവീജിയൻ നോവൽ വിവ: ചങ്ങമ്പുഴ | | | |
| 5. | കളിത്തോഴി ,, | 2 | 8 | 0 |
| 6. | അമൃതകുമാരി (ഒരു ഡിഡക്ടീവ് നോവൽ) | 1 | 8 | 0 |
| 7. | ലാത്തിയും പൂക്കളും (ചെറുകഥകൾ) | 1 | 8 | 0 |
| | പി. സി. കുട്ടികൃഷ്ണൻ. | | | |
| 8. | വ്യാഴവട്ടസ്മരണകൾ | 1 | 4 | 0 |
| | ബി. കല്യാണിയമ്മ. | | | |
| 9. | വിചാരവിപ്ലവം (രണ്ടാംപതിപ്പ്) | 2 | 0 | 0 |
| | കുറ്റിപ്പുഴ. | | | |
| 10. | വിമർശരശ്മി ,, | 1 | 0 | 0 |
| 11. | നീണ്ട കവിതകൾ | 1 | 4 | 0 |
| | എൻ. വി. കൃഷ്ണവാരിയർ. | | | |
| 12. | കല്ലോലമാല — ചങ്ങമ്പുഴ | 1 | 4 | 0 |
| 13. | ശബ്ദങ്ങൾ — ബഷീർ | 1 | 8 | 0 |
| 14. | പ്രയാണം — മുണ്ടശ്ശേരി | 0 | 12 | 0 |
| 15. | മുന്നോട്ട് (ഏകാങ്കനാടകം) | 1 | 4 | 0 |
| | പി. കേശവദേവ്. | | | |
| 16. | പതിതപങ്കജം (തകഴി) | 1 | 4 | 0 |

**മംഗളോദയം ലിമിറ്റഡ്,**

**തൃശ്ശിവപേരൂർ.**

Digitized By Kerala Sahitya Akademi